### അഴീക്കോട് മണ്ഡലത്തിലെ വൈദ്യുതി പദ്ധതികൾ

249 (634) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നിലവിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) അഴീക്കോട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 29.483 കി.മീ. എച്ച്.ടി. ലൈനും 45.978 കി.മീ. എൽ.ടി. ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 54 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 657.725 കി.മീ. ലൈൻ റീ-കണ്ടക്റ്ററിംഗ് നടത്തുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 2111 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന " ഫിലമെന്റ് രഹിത കേരളം" പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന " നിലാവ്" പദ്ധതി, കെ-ഫോൺ പദ്ധതി എന്നിവയും അഴിക്കോട് നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. അഴിക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സാങ്കേതിക പഠനം നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ സ്ഥല ലഭ്യത പരിഗണിച്ച് ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ തുടങ്ങുന്നതാണ്.

### പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ

250 (635) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സജ്ജീകരിച്ച സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly